ഉത്തരം

(എ) കൃഷി ഓഫീസറായിരുന്ന പരേതനായ കെ. ജെ. മാത്യുവിന്റെ പേരിലുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കിയതിനാൽ പരേതന്റെ 31-10-1998 മുതൽ 27-1-2000 വരെയുള്ള സസ്പെൻഷൻ കാലം ക്രമീകരിച്ച് 25 വർഷത്തെ സർവ്വീസിനുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ കെ. ജെ. മാത്യുവിന്റെ സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇടുക്കി ജില്ലാ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ വിശദമായ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരല്ല എന്ന് കണ്ടെത്തിയവരുടെ പേരിലുള്ള അച്ചടക്ക നടപടികൾ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നുവരുന്നു.

(ഡി) പരേതന്റെ പേരിലുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കിയതിനാൽ, സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇടുക്കി ജില്ലയിലെ കുരുമുളകുവള്ളി വിതരണത്തിൽ ക്രമക്കേടുണ്ടെന്ന് കണ്ടെത്തിയതിനാൽ കൃഷി ഓഫീസർ ആയിരുന്ന കെ. ജെ. മാത്യുവിൽ നിന്നും 11,941 രൂപ ഈടാക്കുവാൻ ടിയാൻ തന്നെ 21-10-2003-ൽ സമ്മതപത്രം നൽകിയിട്ടുണ്ട്.

ലക്ഷം യുവകർഷക പദ്ധതി

54 [992] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം യുവകർഷക പദ്ധതിയിൽ ആകെ അംഗങ്ങളായി ചേർന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പദ്ധതി പരിഷ്ക്കരിച്ചത് പ്രകാരം എത്ര പേർ പിരിഞ്ഞുപോകുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയിൽ ആകെ എത്ര പേരെ ആനുകൂല്യങ്ങൾ നൽകി ഒഴിവാക്കിയിട്ടുണ്ട് ;

(ഡി) പദ്ധതിയിൽ ആകെ ലഭിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് അറിയിക്കുമോ ;

(ഇ) എത്ര ഉദ്യോഗസ്ഥർ എത്ര കാലമായി ഈ പ്രോജക്ടിൽ സേവനമനുഷ്ടിക്കുന്നുണ്ട് ; ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള വാഹനങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവ എന്തൊക്കെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	(1)	തിരുവനന്തപുരം	-	9759
	(2)	കൊല്ലം	-	7243
	(3)	പത്തനംതിട്ട	-	5535
	(4)	ആലപ്പുഴ	-	7509
	(5)	കോട്ടയം	-	7245
	(6)	ഇടുക്കി	-	5123
	(7)	എറണാകുളം	-	8825
	(8)	തൃശ്ശൂർ	-	10077
	(9)	പാലക്കാട്	-	7530
	(10)	കോഴിക്കോട്	-	7072
	(11)	മലപ്പുറം	-	8640
	(12)	വയനാട്	-	2646
	(13)	കണ്ണൂർ	-	8312
	(14)	കാസർഗോഡ്	-	3345
		ആകെ		98861

(ബി) 6792 പേർ.

(സി) മുൻപ് പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞു പോയവർക്ക് അവർ നൽകിയ പദ്ധതി വിഹിതം തുകയായ 1000 രൂപ വീതം 231 പേർക്ക് നൽകിയിട്ടുണ്ട്.

(ഡി) അംഗങ്ങളിൽ നിന്നും 10,41,98,508 രൂപയും സർക്കാരിന്റെ വിഹിതമായി 14 കോടി രൂപയും ചേർത്ത് ആകെ 24,41,98,508 രൂപ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുണ്ട്. 1,63,31,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) സ.ഉ. (എം.എസ്) 122/94/കൃഷി തീയതി 30-3-1994 പ്രകാരം ആകെ 91 തസ്തികകൾ ഈ പദ്ധതിയിലേക്ക് റീ ഡിപ്ലോയ്മെന്റ് ചെയ്തിരുന്നു. നിലവിലുള്ള ഈ പദ്ധതിക്കുപുറമേ കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഈ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ചുവരുന്നു. 4 ജീപ്പുകളും 11 കാറുകളും പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി 1995-ൽ വാങ്ങിയിരുന്നു.

ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിലെ നിയമനങ്ങൾ

55 [993] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ കാഷ്വൽ തൊഴിലാളിയായി നിയമനം നൽകുന്നതിന് 1997-ൽ ഒരു ലിസ്റ്റ് തയ്യാറാക്കിയിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly